(സി) 31-1-2005 വരെ വിതരണ മേഖലയിലെ പദ്ധതികൾക്കായി 123.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികൾ:

1.	സർവ്വീസ് കണക്ഷൻ	.. 4,51,501 എണ്ണം
2.	11 കെ. വി. ലൈനുകളുടെ നിർമ്മാണം	.. 674.758 കി. മീ.
3.	എൽ. റ്റി. ലൈനുകളുടെ നിർമ്മാണം	.. 4724.497 കി. മീ.
4.	ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	.. 1458 എണ്ണം
5.	കേടായ മീറ്റർ മാറ്റിവയ്ക്കൽ	.. 2,97,685 എണ്ണം
6.	സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ	.. 45,523 എണ്ണം
7.	ബില്ലിംഗ് സെക്ഷൻ കമ്പ്യൂട്ടർ വൽക്കരണം	.. 180 എണ്ണം

(ഡി & ഇ) സാധന സാമഗ്രികളുടെ ദൗർലഭ്യമായിരുന്നു ലക്ഷ്യങ്ങൾ നേടാനുള്ള തടസ്സം. അത് തരണം ചെയ്യാനായി കേന്ദ്രീകൃതമായിരുന്ന പർച്ചേസ് വികേന്ദ്രീകരിച്ച് വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്ക് സാധന സാമഗ്രികൾ വാങ്ങാനുള്ള അധികാരം നൽകിയിട്ടുണ്ട്. റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് പോസ്റ്റുകളുടെ നിർമ്മാണം പ്രാദേശിക ഏജൻസികളെ ഏൽപ്പിച്ചുകഴിഞ്ഞു.

സാധന സാമഗ്രികൾ വാങ്ങുന്നതിനും പണികൾക്കും ആവശ്യമായ തുക സമയാസമയങ്ങളിൽ എല്ലാ സെക്ഷനാഫീസുകൾക്കും നൽകിവരുന്നു.

സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങലും വിൽക്കലും

3 [2620] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് മറ്റു സംസ്ഥാനങ്ങൾക്കോ സ്ഥാപനങ്ങൾക്കോ ഇപ്പോൾ വൈദ്യുതി നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് വൈദ്യുതി നൽകുന്നതെന്നും എന്തു വിലയ്ക്കാണ് നൽകുന്നതെന്നും എത്ര യൂണിറ്റ് വൈദ്യുതി നൽകുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് പുറമേ നിന്നും കേന്ദ്ര പൂളിൽ നിന്നും ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്;

(ഡി) ഇതിന് നൽകിവരുന്ന വില സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ. ടി. പി. സി. കായംകുളം ഉൽപ്പാദിപ്പിക്കുന്ന 360 മെഗാവാട്ടിൽ 180 മെഗാവാട്ട് വൈദ്യുതി ടി. എൻ. ഇ. ബി.-ക്കും 150 മെഗാവാട്ട് എൻ. വി. വി. എൻ. വഴി ടി. എൻ. ഇ. ബി.-ക്കും നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷം 15,88,28,375 യൂണിറ്റ് പവർ ടി. എൻ. ഇ. ബി. എൻ. ടി. പി. സി-യുടെ കായംകുളം യൂണിറ്റിൽ നിന്നും എടുത്തിട്ടുണ്ട്. എൻ. വി. വി. എൻ. 21-1-2005 മുതൽ 31-1-2005 വരെ 34,379,600 യൂണിറ്റ് വൈദ്യുതി എടുത്തിട്ടുണ്ട്. തുടർന്നും എടുത്തുകൊണ്ടിരിക്കുന്നു. എൻ. വി. വി. എൻ.-ന് കായംകുളത്ത് നിന്നും നൽകിവരുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് 46 പൈസ നിരക്കിൽ കെ. എസ്. ഇ. ബി. ഈടാക്കിവരുന്നു.

(സി & ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

പവർകട്ടും ലോഡ്ഷെഡ്ഡിംഗും

4 [2621] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദനത്തിൽ പ്രതിദിന ഉപഭോഗവും ഉൽപ്പാദനവും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രതിദിന ഉൽപ്പാദനം ഉപഭോഗത്തിന് തികയാതെ വരുന്ന അവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും ഈ നിലയിൽ തുടർന്നാൽ ഈ വർഷം പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ആവശ്യമായി വരുമോ; എങ്കിൽ എപ്പോൾ മുതൽ വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 മാർച്ച് 9 വരെയുള്ള കണക്കനുസരിച്ച് പ്രതിദിന ഉൽപ്പാദനം ശരാശരി 17.86 ദശലക്ഷം യൂണിറ്റും പ്രതിദിന ഉപഭോഗം 37.94 ദശലക്ഷം യൂണിറ്റുമാണ്.

(ബി) ഉണ്ട്. കേന്ദ്ര ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ചും, കേന്ദ്ര വിഹിതത്തിനു പുറമേയുള്ള വൈദ്യുതി എടുത്തും, ഐ. പി. പി.-കളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ചും, ഡിമാന്റ് സൈഡ് മാനേജ്മെന്റിലൂടെയും ആണ് ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നത്.

(സി) ഈ വർഷം പവർകട്ടും ലോഡ് ഷെഡ്ഡിംഗും ആവശ്യമായി വരികയില്ലെന്നാണ് കരുതുന്നത്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[15-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3(2620)-ന്റെ ഉത്തരം ദയവായി കാണുക]

കെ. എസ്. ഇ. ബി.-ക്ക് കേന്ദ്രപൂളിൽനിന്നും 4/2004 മുതൽ 1/2005 വരെ ലഭിച്ച വൈദ്യുതിയുടെ വിശദാംശം താഴെ പറയും പ്രകാരമാണ്

മാസം	വാങ്ങിയ യൂണിറ്റ്	വൈദ്യുതിയുടെ വില (രൂപ)	ട്രാൻസ്മിഷൻ ചാർജ്ജ് (രൂപ)
ഏപ്രിൽ 2004	513046372	721941002	92605115
മേയ് 2004	466861653	667912357	103340876
ജൂൺ 2004	446430095	608577051	103873514
ജൂലൈ 2004	486599607	705230250	104198925
ആഗസ്റ്റ് 2004	422047061	624348523	101874136
സെപ്റ്റംബർ 2004	461585655	678564441	92290301
ഒക്ടോബർ 2004	417336686	594610160	88293356
നവംബർ 2004	415848122	594280093	90239166
ഡിസംബർ 2004	512204426	724413202	93133091
ജനുവരി 2005	559590940.	774097030	101587742
ആകെ	4701550617	6693974109	971436222

കേന്ദ്രപൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ശരാശരി വില ഏകദേശം 163 പൈസയാണ്.

LIBRARY ARCHIVES Kerala Legislative Assembly